# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4041 | 12.12.2018 - ൽ മറുപടിക്ക്

## <u>സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കുന്ന നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യവകുപ്പിന്റെ സ്വയംഭരണ സ്ഥാപനമായ സീമെറ്റിന്റെ (SI-MET) കീഴിലുള്ള നഴ്സിംഗ് കോളേജുകളിലെ ബി.എസ്.സി. നഴ്സിംഗ്, പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ് പഠനം ഇടക്കാലത്ത് അവസാനിപ്പിക്കുന്ന വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി, ഹയർസെക്കണ്ടറി, ജി.എൻ.എം. സർട്ടിഫിക്കറ്റുകൾ ലിക്വിഡേറ്റഡ് ഡാമേജ് അടച്ചില്ല എന്ന കാരണത്താൽ തടഞ്ഞുവച്ചിട്ടുണ്ടോ; | എ) | തടഞ്ഞു വച്ചിട്ടുണ്ട്. |
| ബി) | ഇത്തരത്തിൽ തടഞ്ഞുവച്ച സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിനായി വിദ്യാർത്ഥികളുടെ/ മാതാപിതാക്കളുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | ബി) | ലഭിച്ചിട്ടുണ്ട്. |
| സി) | ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പിലുള്ള C3/114/18, C3/73/2018, C3/119/2018 എന്നീ ഫയലുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | സി) | മേൽ ഫയലുകൾ പരിശോധനയിലാണ്. |
| ഡി) | പിന്നോക്കവിഭാഗവിദ്യാർത്ഥിനിയായ കുമാരി ശരണ്യ.T.S. (Receipt No. 2248217/2018), പിതാവ് മരണപ്പെട്ട വിദ്യാർത്ഥിയായ വസീല (Receipt No. 2973685/2018) എന്നീ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ പ്രത്യേക കേസായി പരിഗണിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഒഴിവാക്കി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| ഇ) | ഇടക്കാലത്ത് പഠനം നിർത്തുന്ന വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ ലിക്വിഡേറ്റഡ് ഡാമേജ് അടച്ചില്ല എന്ന കാരണത്താൽ തടഞ്ഞുവയ്ക്കുന്ന SI-MET പ്രോസ്പെക്ടസിലെ നിബന്ധന മൂലം വിദ്യാർത്ഥികളുടെ തുടർപഠനം തടസ്സപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | ഇ) | സി-മെറ്റിന്റെ പ്രധാന വരുമാനമാർഗ്ഗം വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ഫീസാണ്. വിദ്യാർത്ഥികൾ ഇടക്കുവച്ച് പഠനം നിർത്തുകയാണെങ്കിൽ സിമെറ്റിന് സാമ്പത്തിക നഷ്ടം ഉണ്ടാകും എന്നതു മാത്രമല്ല മറ്റൊരു വിദ്യാർത്ഥിയുടെ പഠിക്കാനുള്ള അവസരം കൂടി നഷ്ടപ്പെടുത്തുന്നു എന്നതിനാൽ പ്രൊസ്പെക്ടസ് നിബന്ധന മാറ്റാൻ തൽക്കാലം കഴിയില്ല. എന്നാൽ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെയോ, സർക്കാരിന്റെയോ, കോടതിയുടെയോ ഉത്തരവിൻ പ്രകാരം വിദ്യാർത്ഥി/രക്ഷിതാവ് സമർപ്പിക്കുന്ന ബോണ്ടിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ തിരികെ നൽകാറുണ്ട്. |

Milan

സെക്ഷൻ ഓഫീസർ